# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 നവംബർ 11, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

25 (*301) പകർച്ചവ്യാധി പ്രതിരോധത്തിനുള്ള ആരോഗ്യജാഗ്രത പരിപാടി

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടിയിൽ, വിവിധ വകുപ്പുകൾ/ഏജൻസികൾ/പൊതുജനങ്ങൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്തി പകർച്ചവ്യാധി നിയന്ത്രിക്കുകയെന്നതാണ് ആരോഗ്യജാഗ്രത പരിപാടികൊണ്ട് ലക്ഷ്യമിടുന്നതെന്നും ഇതിന്റെ ഭാഗമായി 2018-ൽ പകർച്ചവ്യാധികൾ ഗണ്യമായി കുറയ്ക്കാൻ സാധിച്ചുവെന്നും സഭയെ അറിയിച്ചു.

2019 ജനുവരി മുതൽ നടപ്പിലാക്കിവരുന്ന ടി പരിപാടിയുടെ തുടർ പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ മന്ത്രിമാർ അവലോകനം നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം ഹെൽത്തി കേരള ക്യാമ്പയിൻ നടത്തുന്നുണ്ട്. ക്ഷയരോഗ നിർമ്മാർജ്ജനത്തിനായി ടാസ്ക് ഫോഴ്സുകളും ട്രീറ്റ്മെന്റ് സപ്പോർട്ട് ഗ്രൂപ്പും രൂപീകരിക്കുകയും 'സ്റ്റെപ്പ്' എന്ന പരിപാടിയിലൂടെ ടി ചികിത്സ വിപുലീകരിക്കുകയും ചെയ്യുന്നുണ്ട്. മന്തുരോഗ നിവാരണത്തിന് ജില്ലാടിസ്ഥാനത്തിൽ മോർബിഡിറ്റി മാനേജ്മെന്റ് ആന്റ് പ്രിവൻഷൻ സെന്ററുകളും കുഷ്ഠരോഗ നിർമ്മാർജ്ജനത്തിനായി 'അശ്വമേധം' ക്യാമ്പയിനും സംഘടിപ്പിക്കുന്നുണ്ട്. രോഗബാധ കണ്ടുപിടിക്കുന്നതിന് ലബോറട്ടറികൾ സജ്ജമാക്കിയിട്ടുണ്ട്. നിപ്പ വൈറസ് ബാധ തടയുന്നതിനായി മോക്ഡ്രിൽ ഈ വർഷവും നടത്തുന്നതാണെന്നും ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനായി 18 വയസ്സിന് മുകളിലുള്ള എല്ലാവരിലും പരിശോധന നടത്തി രജിസ്ട്രി തയ്യാറാക്കുന്നതാണെന്നും കുട്ടികളിലെ പ്രമേഹം കണ്ടെത്തുന്നതിനായി 'മിഠായി' എന്ന പദ്ധതി നടപ്പാക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. താലൂക്ക്/ജില്ലാ ആശുപത്രികൾ, പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ സജ്ജീകരിച്ചിട്ടുള്ള ഹെൽപ്പ് ഡെസ്കുകൾ മുഖേന ചികിത്സാ കാർഡ് ലഭ്യമാക്കാനും ആർദ്രം മിഷന്റെ ഭാഗമായി

ഗവൺമെന്റ് ആശുപത്രികളെ പേഷ്യന്റ് ഫ്രണ്ട്‌ലി ആക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഡയബറ്റിക് റെറ്റിനോപ്പതി പരിഹരിക്കുന്നതിന് വിദേശ സർവ്വകലാശാലയുമായി ചേർന്ന് പ്രോജക്ട് നടപ്പാക്കുന്നതാണെന്നും ആയുർവ്വേദം, ഹോമിയോ, നാച്ചുറോപ്പതി, യോഗ വിഭാഗങ്ങളെ സംയോജിപ്പിച്ചുകൊണ്ട് അന്താരാഷ്ട്ര ആയുർവ്വേദ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതാണെന്നും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി 'അമ്മ മനസ്സ്' എന്ന പദ്ധതി നടപ്പാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

26 (*302) <u>അന്തർ സംസ്ഥാന നദീജല കരാറുകൾ</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, അന്തർ സംസ്ഥാന നദീജല കരാർ പ്രകാരം സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം നേടിയെടുക്കാൻ സർക്കാർ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നടത്തുന്ന ഇടപെടലുകളുടെ ഭാഗമായി 25-09-2019-ന് തിരുവനന്തപുരത്തുവച്ച് നടന്ന മുഖ്യമന്ത്രിതല യോഗത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനായി ഇരുസംസ്ഥാനങ്ങളിലെയും 5 ഉദ്യോഗസ്ഥർ വീതമടങ്ങുന്ന സെക്രട്ടറിതല കമ്മിറ്റി രൂപീകരിക്കുന്നതിന് അംഗങ്ങളെ നാമനിർദ്ദേശം ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കൂടാതെ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയുമായി

ബന്ധപ്പെട്ട തർക്ക വിഷയങ്ങൾ സൂപ്പർവൈസറി കമ്മിറ്റിയിലും കേന്ദ്ര ജലശക്തി മന്ത്രാലയത്തിലും ഉന്നയിച്ച് തുടർനടപടികളെടുക്കാൻ തമിഴ്നാടിനോട് ആവശ്യപ്പെടുന്നുണ്ട്. അണക്കെട്ടിന്റെ പാട്ടക്കരാർ പുതുക്കുന്നതിനും AVIP-യുടെ വിശദമായ പദ്ധതി രേഖയ്ക്ക് (DPR) കേന്ദ്ര ജലശക്തി മന്ത്രാലയത്തിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നുണ്ടെന്നും പമ്പാ-അച്ചൻകോവിൽ-വൈപ്പാർ സംയോജന പദ്ധതിയോടുള്ള കേരളത്തിന്റെ ശക്തമായ വിയോജിപ്പ് തിരുവനന്തപുരത്തുവച്ച് നടന്ന ചർച്ചയിൽ ഉന്നയിച്ചിട്ടുണ്ടെന്നും മുല്ലപ്പെരിയാർ അണക്കെട്ടിന്റെ കാര്യത്തിൽ കേന്ദ്ര സർക്കാർ രൂപീകരിക്കുന്ന ഡാം സുരക്ഷ അതോറിറ്റി സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മുഖ്യമന്ത്രി അറിയിച്ചു. മുല്ലപ്പെരിയാർ ഡാമിന്റെ കാര്യത്തിൽ ആശങ്കയ്ക്ക് അടിസ്ഥാനമില്ലെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രിയും കബനി നദിയിൽ ഡാം നിർമ്മിക്കുന്നതിന് തമിഴ്നാടുമായി ധാരണയിലെത്തിയിട്ടുണ്ടെന്ന് ഉപചോദ്യങ്ങളിൽ ഇടപെട്ടുകൊണ്ട് ജലവിഭവ വകുപ്പുമന്ത്രിയും അറിയിച്ചു.

27 (*303) <u>എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ സംവരണം</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ എയ്ഡഡ്

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ സംവരണം ഏർപ്പെടുത്തുകയെന്ന സർക്കാർ നയം നടപ്പിലാക്കുന്നതിനായി  സമർപ്പിച്ചിരിക്കുന്ന കേസിൽ സുപ്രീം കോടതി അന്തിമ വിധി പുറപ്പെടുവിക്കുന്ന മുറയ്ക്ക് മാത്രമേ മേൽ വിഷയത്തിൽ അനന്തര നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂവെന്ന് സഭയെ അറിയിച്ചു. കൂടാതെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക്  ഏർപ്പെടുത്തിയിട്ടുള്ള സംവരണം നടപ്പാക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ടുകളിലും കെ.ഇ. ആക്ടിലും റൂൾസിലും ഭേദഗതി വരുത്തുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. വിദ്യാഭ്യാസ രംഗം ശക്തിപ്പെടുത്തുന്നതിൽ സർക്കാർ/എയ്ഡഡ് സ്കൂളുകൾ നടത്തുന്ന സേവനം കണക്കിലെടുത്ത് സർക്കാർ സ്കൂൾ "സർക്കാർ എയ്ഡഡ് സ്കൂൾ" എന്ന് പേര് മാറ്റുന്നത് ഉചിതമായിരിക്കുമെന്നും ഈ സ്കൂളുകളുടെ നിയമനം പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചിട്ടില്ലെന്നും കോളേജുകളിലും മറ്റും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3614 മുതൽ 4028 വരെയുള്ള ചോദ്യങ്ങളിൽ 58 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)